1

# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1486** | **05.02.2019 ൽ മറുപടിയ്ക്ക്**

## ജൈവ പച്ചക്കറി ബ്രാന്റിൽ വിൽക്കുന്ന പച്ചക്കറികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. വി.ടി.ബൽറാം | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ജൈവ പച്ചക്കറി എന്ന ബ്രാന്റിൽ വിൽക്കുന്ന പച്ചക്കറികൾ ജൈവം തന്നെയെന്ന് ഉറപ്പാക്കുന്നതിനുള്ള സർക്കാർ സംവിധാനം എന്താണ്; | എ) ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിന്റെ അനുബന്ധമായി ദേശീയ ഭക്ഷ്യ സുരക്ഷാ അതോറിറ്റി 29.12.2017- ൽ പുറപ്പെടുവിച്ചിട്ടുള്ള ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ CPB/03/Standards/FSSAI/2016 പ്രകാരമുള്ള ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് (ഓർഗാനിക് ഫുഡ്സ്) റഗുലേഷൻസ് 2017 പാലിക്കുന്ന ഭക്ഷ്യ വസ്തുക്കൾ മാത്രമേ ജൈവം എന്ന നിർവചനത്തിൽ വരികയുള്ളൂ. നിലവിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലാബുകളിൽ പച്ചക്കറികളിലെ കീടനാശിനികളുടെ അളവ് കണ്ടെത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |
| ബി) ഇപ്രകാരം വിൽക്കുന്ന പച്ചക്കറികളിൽ പലതിലും കീടനാശിനിയുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയതായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | ബി) കൃഷി വകുപ്പിന്റെ നേരിട്ടുള്ള ഇക്കോഷോപ്പുകൾ വഴി വിൽക്കുന്ന പച്ചക്കറികളിൽ കീടനാശിനി അവശിഷ്ടാംശം ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് ദേശീയ ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഗസറ്റ് നോട്ടിഫിക്കേഷൻ 29.12.2017 ൽ പുറപ്പെടുവിച്ചുവെങ്കിലും ആയത് പ്രാബല്യത്തിൽ വന്നത് 01.07.2018- ൽ മാത്രമാണ്. ഈ റഗുലേഷൻ പ്രാബല്യത്തിൽ വന്നതിനെ തുടർന്ന് ജൈവ ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന കേന്ദ്രങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിക്കുകയും തുടർ പരിശോധനകൾക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ പരിശോധനാ ഫലം ലഭ്യമാകുന്ന മുറയ്ക്ക് ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം നിഷ്കർഷിക്കുന്ന നിയമനടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ കർഷകരെ ബോധവൽക്കരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | കൃഷി വകുപ്പിന്റെ ഇക്കോ ഷോപ്പുകളിൽക്കൂടി വിൽക്കുന്ന പച്ചക്കറികൾ കീടനാശിനി വിമുക്തമാണെന്ന് ഉറപ്പ് വരുത്തുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ? | സി) | കൃഷി വകുപ്പിന്റെ ഇക്കോഷോപ്പുകളിൽക്കൂടി വിൽക്കുന്ന പച്ചക്കറികൾ കീടനാശിനി വിമുക്തമാണെന്ന് ഉറപ്പ് വരുത്തുന്നത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

Mayal

**സെക്ഷൻ ഓഫീസർ**